"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

ഗതാഗത വകുപ്പ് - സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥത യിലുള്ള ആലപ്പുഴ ബോട്ട് ജെട്ടിയിലെ കടമുറികൾക്ക് 24.03.2020 മുതൽ 09.06.2020 വരെയുള്ള ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.42/2022/TRANS തീയതി,തിരുവനന്തപുരം, 29-08-2022

---

പരാമർശം:- സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 14/09/2020, 08/03/2021 എന്നീ തീയതികളിലെ എ3-7465/2020 നമ്പർ കത്തുകൾ.

## ഉത്തരവ്

കോവിഡ്-19 പശ്ചാത്തലത്തിൽ 24.03.2020 മുതൽ 09.06.2020 വരെയുള്ള കാലയളവിൽ അനുമതിയില്ലാതെ കടകൾ തുറന്നുപ്രവർത്തിക്കരുതെന്ന സർക്കാർ നിർദ്ദേശ പ്രകാരം കടകൾ തുറന്നു പ്രവർത്തിക്കുകയുണ്ടായില്ലായെന്നും ഇതിന്റെ ഫലമായി വളരെയധികം സാമ്പത്തികനഷ്ടം നേരിടേണ്ടിവന്നതായും ആയതിനാൽ ലോക്ക്ഡൗൺ കാലയളവിലെ വരുമാനനഷ്ടം കണക്കിലെടുത്ത് പ്രസ്തുത കാലയളവിലെ വാടക ഇളവ് ചെയ്ത് നല്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള ആലപ്പുഴ ബോട്ട് ജെട്ടിയിലെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കെടുത്ത് കച്ചവടം നടത്തുന്ന കടയുടമകളുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശ കത്ത് പ്രകാരം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആലപ്പുഴ ബോട്ട് ജെട്ടിയിലെ കടമുറികൾക്ക് 24.03.2020 മുതൽ 09.06.2020 വരെയുള്ള ലോക്ക് ഡൗൺ കാലയളവിലെ വാടക, 75% കുറവ് ചെയ്തു നൽകുന്നതിന് സംസ്ഥാന ജലഗതാഗ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

1) ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ആഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
3) പൊതുഭരണ ( എസ്.സി) വകുപ്പ് (........ ലെ ഇനം....... പ്രകാരം)
4) ധനകാര്യ വകുപ്പ് (No.1622009/I&PW-A1/20/Fin dated 26.10.2021)
5) വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Deepthi K Gopal
Date: 29-08-2022 11:25:27

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-08-2022

ഫയൽ നം. TRANS-D1/163/2020/TRANS. ഇനം നം: 1013

വിഷയം : ഗതാഗത വകുപ്പ് - സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആലപ്പുഴ ബോട്ട് ജെട്ടിയിലെ കടമുറികൾക്ക് 24.03.2020 മുതൽ 09.06.2020 വരെ ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) - ലോക്ഡൗൺ കാലയളവിലെ വാടക ഇളവ് ചെയ്ത് നൽകാൻ തീരുമാനിച്ചു.
(2). വാടക 75% കുറവ് ചെയ്ത് നൽകുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഗതാഗത വകുപ്പ്.

25-08

1013

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : TRANS-D1/163/2020-TRANS |
| 2 | വകുപ്പ് | : ഗതാഗത (ഡി) വകുപ്പ് |
| 3 | വിഷയം | : സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ആലപ്പുഴ ബോട്ട് ജെട്ടിയിലെ കടമുറികൾക്ക് 24/03/2020 മുതൽ 09/06/2020 വരെ ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് നല്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : 29-06-2022 |
| 5 | (i). ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii).ആണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി. വിജയശ്രീ.കെ.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ. ബിജു പ്രഭാകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 21/07/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 22/08/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : അഡ്വ. ആന്റണി രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 22/08/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 23/08/2022 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ആലപ്പുഴ ബോട്ട് ജെട്ടിയിൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കെടുത്ത് കച്ചവടം നടത്തുന്ന കടയുടമകൾക്ക് 24/03/2020 മുതൽ 09/06/2020 വരെയുള്ള ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 24/03/2020 മുതൽ 09/06/2020 വരെ സർക്കാർ അനുമതിയില്ലാതെ കടകൾ തുറന്നു പ്രവർത്തിക്കരുതെന്ന സർക്കാർ ഉത്തരവ് പ്രകാരം ടി കടകൾ തുറന്നു പ്രവർത്തിക്കുകയുണ്ടായില്ല. ആയതിനാൽ വളരെയധികം സാമ്പത്തികനഷ്ടം നേരിടേണ്ടി വന്നതായും ലോക്ക്ഡൗൺ കാലയളവിലെ വരുമാനനഷ്ടം കണക്കിലെടുത്ത് ടി കാലയളവിലെ വാടക ഇളവ് ചെയ്തു നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും കടയുടമകൾ അപേക്ഷിക്കുകയും ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ലോക്ക് ഡൗൺ കാലയളവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട ഇളവുകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 24/03/2020 മുതൽ 09/06/2020 വരെ വാടകഇളവ് നല്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി.

3. ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായം ചുവടെ ചേർത്തിരിക്കുന്നു.

"ഭരണ വകുപ്പ് ഫയലിലെ പ്രപ്പോസൽ അംഗീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "

4. 30/09/2021 ലെ GO(MS)No.115/2021/Fin നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക ജൂലൈ 2021 മുതൽ ഡിസംബർ 2021 വരെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ, 24/03/2020 മുതൽ 09/06/2020 വരെയുള്ള കാലയളവിലെ വാടക ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടില്ല.

5. KSRTC, KTDFC എന്നീ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ ലോക്ക് ഡൗൺ കാലയളവിലെ വാടക ഒഴിവാക്കിക്കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.ടി.ഡി.എഫ്.സി-യുടെ അങ്കമാലി, തിരുവനന്തപുരം, തിരുവല്ല,

കോഴിക്കോട് എന്നീ ബി.ടി.ഒ പ്രോജക്ടുകളിലെ വാടകക്കാർക്ക് കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്ന് സമ്പൂർണ്ണ ലോക്ക്ഡൗൺ ഏർപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ ദിവസ വാടക ഒഴിവാക്കാനും തുടർന്ന് 6 മാസത്തേക്ക് വാടക 25% ആയി കുറവ് ചെയ്യാനും നിർദ്ദേശം നൽകിയിരുന്നു. KSRTC-യിലെ ബസ് സ്റ്റേഷനുകളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും പ്രവർത്തിക്കുന്ന സ്റ്റാൾ, കടമുറികൾ, പേ &പാർക്ക്, പെയിഡ് യൂറിനൽ, കാന്റീൻ എന്നിവയ്ക്ക് 24/03/2020 മുതൽ 09/06/2020 വരെ (76 ദിവസം) ലോക്ക്ഡൗൺ കാലയളവിലെ വാടക KSRTC- ഭരണസമിതി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഒഴിവാക്കി നൽകിയിരുന്നു. ആയതിനുശേഷം 08/06/2020 മുതൽ 31/12/2020 വരെ വാടക 25% ആയി കുറവ് ചെയ്തും നൽകിയിരുന്നു .

6. ഈ സാഹചര്യത്തിൽ, സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾക്ക് 24/03/2020 മുതൽ 09/06/2020 വരെയുള്ള ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് നൽകുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി വഴി ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

1) കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 24/03/2020 മുതൽ 09/06/2020 വരെ സർക്കാർ അനുമതിയില്ലാതെ കടകൾ തുറന്നുപ്രവർത്തിപ്പിക്കരുതെന്ന സർക്കാർ ഉത്തരവ് പ്രകാരം കടകൾ തുറന്നു പ്രവർത്തിപ്പിക്കാതിരുന്ന ആലപ്പുഴ ബോട്ട് ജെട്ടിയിലെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കെടുത്ത് കച്ചവടം നടത്തുന്ന കടയുടമകൾക്ക് ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ടി ലോക്ക് ഡൗൺ കാലയളവിലെ വാടക ഇളവ് ചെയ്ത് നല്കാവുന്നതാണോ ; ഒഴിവാക്കാമോ?

2) വാടക ഇളവ് തീരുമാനിക്കുന്ന പക്ഷം നിശ്ചിത ശതമാനം മാത്രം ഇളവ് അനുവദിക്കാവുന്നതാണോ ; അപ്രകാരമെങ്കിൽ എത്ര ശതമാനം?